"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് വികസനഫണ്ടിന്റെ ഉപയോഗത്തിൽ നിന്ന് പശ്ചാത്തല മേഖലയുടെ ഉയർന്ന പരിധിയും ഉല്പാദന മേഖലയുടെ കുറഞ്ഞ പരിധിയും നടപ്പ വർഷത്തേക്കുകൂടി (2020-21) ഒഴിവാക്കിക്കൊണ്ട് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.10/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/01/2021

---

പരാമർശം:- 1 28.01.2019 -ലെ ഡിഎ3/13/2019-തസ്വഭവ സർക്കുലർ.

2 ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.09.2020-ലെ 1067/20/DPC/DPO/IDK നമ്പർ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.08.20-ലെ A1-220/20-ാം നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 26.06.2020-ലെ 1(9)-ാം നമ്പർ തീരുമാനവും.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020- ൽ നടന്ന യോഗത്തിന്റെ തീരുമാനം നം. 4.26.

**<u>ഉത്തരവ്</u>**

കേരളത്തിലെ ഏക ഗോത്രവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്, 2019-20-ൽ, പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് വികസനഫണ്ടിന്റെ ഉപയോഗത്തിൽ നിന്ന് പശ്ചാത്തല മേഖലയുടെ ഉയർന്ന പരിധിയും ഉല്പാദന മേഖലയുടെ കുറഞ്ഞ പരിധിയും ഒഴിവാക്കിക്കൊണ്ട് സർക്കാർ പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. ഇപ്രകാരം നൽകിയ ഇളവ് 2020-21 വാർഷിക പദ്ധതിയിലെ മേഖലാ വിഭജനത്തിൽ ഉള്ള നിർബന്ധിത വകയിരുത്തലുകൾ ഒഴിവാക്കി തുടരണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറും പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദന മേഖലയുടെ കുറഞ്ഞ പരിധിയും പശ്ചാത്തല മേഖലയുടെ ഉയർന്ന പരിധിയും ഒഴിവാക്കികൊണ്ട് ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് ഈ വർഷത്തേക്കുകൂടി (2020-21) വാർഷിക പദ്ധതി തയ്യാറാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. എന്നാൽ മാർഗ്ഗരേഖ പ്രകാരം വനിതാ ഘടക പദ്ധതി, കുട്ടികൾ, ഭിന്നശേഷിക്കാർ, വൃദ്ധർ തുടങ്ങിയ വിഭാഗത്തിനുള്ള കുറഞ്ഞ പരിധി പാലിക്കേണ്ടതാണ്. ഇതിന് ആവശ്യമായ ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

അധ്യക്ഷൻ, ജില്ലാ ആസൂത്രണ സമിതി, ഇടുക്കി
ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി
സെക്രട്ടറി, ഇടമലക്കുടി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.01.04 12:02:38 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്